വെജിറേറബിൾ ഫാമിന്റെ പ്രവർത്തന പുരോഗതി

790. [1162] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ വെജിറേറബിൾ ഫാമിന്റെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫാമിനു വേണ്ടി ഇതിനകം ആകെ ചെലവായ സംഖ്യ എത്ര;

(സി) എത്ര ഏക്കർ സ്ഥലത്ത് കൃഷി നടത്തുന്നെന്നും പദ്ധതിക്കായി വിഭാവന ചെയ്തിരുന്ന ഫാം എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഫാമിൽ നിന്നും നാളിതു വരെയായി എത്രയാണ് വരവ്?

ഉത്തരം

(എ) വണ്ടിപ്പെരിയാർ വെജിറേറബിൾ ഫാമിലെ നിലവിലുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും കണക്കിലെടുത്ത് വിവിധ വിളകൾ കാര്യക്ഷമമായി കൃഷി ചെയ്യുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു കമ്മിറ്റി 16-3-1977-ൽ ഈ ഫാം സന്ദർശിച്ചതിനു ശേഷം സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കി ഈ ഫാമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഫാം തുടങ്ങിയ 1967-68 സാമ്പത്തിക വർഷം മുതൽ 1977 ജനുവരി 31-ാം തിയ്യതി വരെ ഈ ഫാമിനു വേണ്ടി 24,45,364.00 രൂപ ചെലവായിട്ടുണ്ട്.

(സി) ഇപ്പോൾ 31.17 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്നു. മൊത്തം 200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി വർഗ്ഗങ്ങൾ കൃഷി ചെയ്യുവാനുള്ളതായിരുന്നു പദ്ധതി. പക്ഷേ കൃഷിക്ക് അനുയോജ്യമായ അത്രയും സ്ഥലം ലഭിക്കുകയുണ്ടായില്ല.

(ഡി) 1977-78 വരെയുള്ള വരവ്, 4,24,252 രൂപയാണ്.

കശുമാവു കൃഷിക്ക് സബ്സിഡി

791. [1163] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാര്യ മേഖലയിൽ കശുമാവു കൃഷിക്ക് സബ്സിഡി നൽകാൻ ഈ സാമ്പത്തിക വർഷം എത്ര സംഖ്യ വകകൊള്ളിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര സംഖ്യ ഇതിനകം ചെലവു ചെയ്തു;

(സി) ജില്ലാടിസ്ഥാനത്തിൽ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly